"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2020-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ചുള്ള വിവിധ പ്രവൃത്തികൾക്കുള്ള ചെലവുകൾക്കായി അനുവദിച്ച 2,77,46,000/- (രണ്ടു കോടി എഴുപത്തിയേഴ് ലക്ഷത്തി നാൽപ്പത്തിയാറായിരം) രൂപ റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.578/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 07/03/2020

പരാമർശം:- 1. 23.02.2020-ലെ സ.ഉ.(സാധാ)നം.451/2020/ത.സ്വ.ഭ.വ.

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28.02.2020ലെ ഫിൻ4/ഇ-120556/18 നമ്പർ കത്ത്.

3. 04/03/2020 ലെ സ.ഉ.(സാധാ)നം.1859/2020/ധന.

**ഉത്തരവ്**

2020-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ മുഖേന നിർവ്വഹിക്കേണ്ട പ്രവൃത്തികൾക്കായി പരാമർശം (1) പ്രകാരം 2,77,45,813/- രൂപയുടെ ഭരണാനുമതി നല്കി ഉത്തരവായിരുന്നു. ഈ തുക അധിക ധനാനുമതി വഴി അനുവദിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2020-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ചുള്ള വിവിധ പ്രവൃത്തികൾക്കുള്ള ചെലവുകൾക്കായി പരാമർശം (3) പ്രകാരം അധിക ധനാനുമതിയായി "2217-01-800-94 (P-V) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 2,77,46,000/- (രണ്ടു കോടി എഴുപത്തിയേഴ് ലക്ഷത്തി നാൽപ്പത്തിയാറായിരം) രൂപ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എം. ഡി. കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനകുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (05/03/2020-ലെ ഡവ.2/56/2020-ധന പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ